**പുരുഷന്റെ ആസക്തിയുടെ കാഴ്ചകൊണ്ടല്ലാതെ സ്ത്രീയെ അവളായിക്കാണാൻ കഴിയുന്ന, സ്ത്രീയ്ക്കുകൂടി ഇടമുള്ള ഒരു മാധ്യമനീതി ഇനിയും നമ്മൾ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. അവിടെ അടിസ്ഥാനപ്രമാണമാകേണ്ടത് സ്ത്രീയും പുരുഷനെ പോലെ ആത്മാവും ശരീരവും ഉൾച്ചേർന്ന ഒരു വ്യക്തിയാണ് എന്നാണെന്ന് റോസിതമ്പി**

# മാധ്യമങ്ങളുടെ ഒളിഞ്ഞുനോട്ടവാസനകൾ

**ഓരോ** ജീവിക്കും അതിന്റെ ജീവസന്താരണം സുഗമമായി നടത്തിക്കൊണ്ടുപോകാൻ ആ സമൂഹം ഒരുക്കുന്ന നിയമനിർമ്മാണമാണല്ലോ നീതി. മനുഷ്യൻ ഉണ്ടാക്കുമ്പോൾ അത് മാനുഷികനീതിയാകുന്നു. അത് മറ്റ് എന്തിനൊക്കെ എതിരായാലും മനുഷ്യനെതിരായിക്കൂടാ. മനുഷ്യനീതി പ്രപഞ്ചനീതി, ദൈവനീതി, മൃഗനീതി എന്നൊക്കെ നമ്മൾ പല പേരിൽ നീതിയെ വ്യവഹരിക്കുന്നത് നമുക്ക് സാധ്യമാക്കാവുന്നിടത്തോളം എന്നർത്ഥത്തിലായിരിക്കണം. എല്ലാവരും സ്വതന്ത്രരായി മറ്റുള്ളവരുടെ വാക്കുകളെ സംഗീതംപോലെ ശ്രവിക്കുന്ന ഒരു കാലമാണ് നീതിയെക്കുറിച്ചുള്ള മനോഹരമായ സ്വപ്നം. നീതിബോധം എല്ലാക്കാലത്തും എല്ലാ സ്ഥലത്തും ഒരുപോലെയായിരുന്നില്ല. സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ആധിപത്യത്തിനനുസരിച്ച് അതുമാറിക്കൊണ്ടിരിക്കുന്നു. ദൈവംപോലും ചരിത്രത്തിൽ തന്റെ നീതിബോധത്തെ മാറ്റുന്നുണ്ട്. പഴയ നിയമത്തിലെ ദൈവനീതിയല്ല, പുതിയ നിയമത്തിൽ. കണ്ണിനുപകരം കണ്ണ് എന്നായിരുന്നു പഴയ നിയമത്തിലെ ദൈവനീതിയും മനുഷ്യനീതിയും. പുതിയ നിയമത്തിൽ അത് ഇടതുചെകിടത്ത് അടിച്ചവന് വലതു ചെവി കൂടി കാണിച്ചുകൊടുക്കുക എന്നായി മാറി.

പണ്ടൊക്കെ ദൈവം അപ്പോൾ അപ്പോൾ ഇപ്പൊക്കെ ദൈവം പിന്നെ പിന്നെ എന്ന ഒരു ചൊല്ല് നമുക്കുണ്ടല്ലോ. തിരിച്ചുചോദിക്കാൻ കഴിയാത്തവനോട് ദൈവം ചോദിക്കും എന്ന് സ്വയം സമാധാനിക്കാനും നമുക്കറിയാം. മനുഷ്യൻ ശിലായുഗത്തിൽ നിന്ന് ഇന്ന് എത്തിച്ചേർന്ന കാലത്തിനിടയിൽ പല നീതിബോധങ്ങളും അവരെ കടന്നുപോയി. അതിന്റെയെല്ലാം പരുക്കുകളോടെയാണ് നമ്മൾ ജീവിക്കുന്നത്. ആധുനിക മനുഷ്യൻ തത്വത്തിലെങ്കിലും മനുഷ്യരെല്ലാം സമന്മാരാണ് അഥവ ഒരേ മാതാപിതാക്കളിൽ നിന്ന് ഉണ്ടായ മക്കളാണ് എന്ന് (മനുഷ്യരെല്ലാം ഒന്നാണ്) ആലങ്കാരികമായെങ്കിലും ചിന്തിക്കുന്നു. ആ അർത്ഥത്തിൽ മനുഷ്യനീതി എന്നത് എല്ലാവർക്കും തുല്യാവകാശം എന്നുതന്നെയാണ്. ഒരാൾക്ക് നീതിലഭിക്കുക എന്നതിനർത്ഥം അയാൾക്ക് ജീവിക്കാനാവശ്യമായ അവസരം നല്കുക എന്നാണ്. കൈയ്യൂക്കുള്ളവൻ കാര്യക്കാരനാകുക എന്നത് പ്രപഞ്ചനീതിയാണ്. ശക്തിയുള്ളതിന്റെ അതിജീവനം. എന്നാൽ എല്ലാവർക്കും ഒരു


പോലെ ശക്തരാകാൻ കഴിയില്ല എന്ന തിരിച്ചറിവിൽ നിന്ന് നിസ്സഹായർക്കു വേണ്ടി നീതിപീഠം നിലനിൽക്കുന്നു. അങ്ങനെ ഒരു മധ്യസ്ഥം പറയലെങ്കിലും നടക്കുന്നതിലൂടെ നിസ്സഹായരായവർക്ക് ജീവിക്കാൻ അവസരം കിട്ടുന്നു.

നമ്മുടെ കാലത്ത് ഈ മധ്യസ്ഥപണി ഏറ്റെടുത്തിരിക്കുന്നത് മാധ്യമങ്ങളാണ്. അവർ ചുറ്റിനടന്ന് എവിടെയെങ്കിലും ആർക്കെങ്കിലും ജീവിക്കാനുള്ള അവസരം (നീതി) നിഷേധിക്കപ്പെടുന്നുണ്ടോ? എന്നന്വേഷിച്ച് കണ്ടെത്തുന്നു. അല്ലെങ്കിൽ നീതി നിഷേധിക്കപ്പെടുന്നവർ പണ്ട് ഒറ്റയ്ക്കിരുന്ന് നിലവിളിച്ചിരുന്നതിനുപകരം ഈ മാധ്യമങ്ങളിലൂടെ നിലവിളിക്കുന്നു. പ്രതിഷേധിക്കുന്നു. മാധ്യമങ്ങൾ പൊതുജനാഭിപ്രായമെന്ന നിലയിലും സ്വന്തം നിലയിലും ഇതിനോട് പക്ഷം ചേരുന്നു. അങ്ങനെ പരാതിക്കാരന്/പരാതിക്കാരിക്ക്/പരാതിക്കാർക്ക്/ നീതി ലഭിക്കും എന്നൊരു തോന്നലുണ്ടാകുന്നു. ചിലപ്പോൾ ചക്ക വീണപ്പോൾ മുയലിനെക്കിട്ടിയതുപോലെ ന്യായം ലഭിച്ചു എന്നും വരാം. എന്തായാലും പറയാനും കേൾക്കാനും ആളുണ്ട് എന്നതുതന്നെ നിസ്സഹായർക്ക് വലിയ ആശ്വാസം. അതാണ് ഇന്ന് മാധ്യമങ്ങൾ നിർവ്വഹിക്കുന്ന നീതി എന്ന സങ്കല്പത്തിന്റെ യഥാർത്ഥ്യം. ഇന്ന് ഓരോ വിഭാഗത്തിലും പെട്ടവർക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധ്യമുണ്ട്. സംഘം ചേർന്ന് പ്രവർത്തിക്കാനുള്ള സാധ്യതകളുണ്ട്. പൊതുവായി മനുഷ്യാവകാശങ്ങളുണ്ട്. അതുകൊണ്ട് അവകാശം നിഷേധിക്കുമ്പോൾ പ്രതിഷേധിക്കുന്നു.

ഇന്ത്യാമഹാരാജ്യത്ത് മനുഷ്യവംശത്തിന്റെ പകുതിയിലധികം വരുന്ന സ്ത്രീകൾക്ക് മനുഷ്യവംശത്തിലെ പുരുഷന്മാർക്കൊപ്പം തന്നെ സാമൂഹ്യരംഗത്ത് അവകാശങ്ങൾ തുല്യമാണെന്ന് സ്ത്രീകൾക്കും പുരുഷന്മാർക്കും അറിയാം. അതുകൊണ്ടാണ് പാതിരാത്രിക്ക് ഒരു പുരുഷനോടൊപ്പം സഞ്ചരിക്കുകയും ഇടയ്ക്ക് വിശ്രമിക്കാൻ വേണ്ടി വണ്ടി നിർത്തുകയും ചെയ്തപ്പോൾ അതിലിടപെട്ട ആളുകളോട് (പുരുഷന്മാരോട്) അയ്യേ നിങ്ങളങ്ങനെ ചെയ്യുന്നത് ശരിയല്ല എന്ന് പൊതുസമൂഹം പറഞ്ഞത്. സ്ത്രീയ്ക്ക് രാത്രിയോ, പകലോ, ഒറ്റയ്ക്കോ, മറ്റ് ആരുടെയെങ്കിലും ഒപ്പമോ സഞ്ചരിക്കുന്നത് നമ്മുടെ രാജ്യത്ത് നിയമപരമായി തെറ്റല്ല. പിന്നെ എന്താണ് പ്രശ്നം? അവിടെയാണ് സമൂഹത്തിന്റെയും മാധ്യമങ്ങളുടെയും ഇരട്ടത്താപ്പ് ഒളിച്ചിരിക്കുന്നത്. അടുത്ത കാലത്തു സംഭവിച്ച സ്ത്രീകളെ സംബന്ധിച്ച ഇത്തരം അനീതികളെ മാധ്യമങ്ങൾ എങ്ങനെ കൈകാര്യം ചെയ്തു എന്നു നോക്കാം. തസ്നിയുടെ സ്റ്റോറി എല്ലാ പത്രങ്ങളിലും ആഴ്ചപ്പതിപ്പുകളിലും, മാസികകളിലും, ടെലിവിഷൻ ചാനലുകളിലും ധീരഘോരമായി അവതരിപ്പിക്കപ്പെട്ടു. ഒറ്റ രാത്രികൊണ്ട് തസ്നി സ്റ്റാറായി. അവരുടെ ഇരുന്നും കിടന്നും ചെരിഞ്ഞുമുള്ള ഫോട്ടോകൾ, അഭിമുഖങ്ങൾ, അഭിപ്രായങ്ങൾ എന്തിന് പലതിനും കവർ ചിത്രംപോലും ആയി. ഒരു മാസിക വളരെ വലിയ ഒരു സാമൂഹ്യനീതി ചർച്ച ചെയ്യുന്നു എന്ന ന്യായത്തിൽ ഈ വിഷയത്തെ പുറംചട്ടയിൽ എത്തിച്ചു. അവളുടെ രാവുകൾ എന്നായിരുന്നു ആ കവർസ്റ്റോറിയുടെ പേര്. ഇന്ന് ഒരു 40 വയസ്സിൽ എത്തിയ മലയാളിക്ക് അവളുടെ രാവുകൾ എന്ന 'A' പടത്തിന്റെ പോസ്റ്റർ ഓർമ്മവരാതിരിക്കില്ല. ഇനി അതുപോട്ടെ, പെട്ടെന്നാണ് നമ്മുടെ നാട്ടിൽ പെൺവാണിഭങ്ങൾ ചുരുളഴിയുക.

ഉത്സവത്തിന് വഴിഭാണിഭക്കാർ സാധനങ്ങൾ കെട്ടഴിച്ചു നിരത്തുംപോലെ പിടിക്കപ്പെടുന്ന പെൺകുട്ടികൾ പഴയ താത്രികുട്ടിയേക്കാൾ ഉശിരോടെ തന്നെ പീഡിപ്പിച്ച പുരുഷന്മാരുടെ പേരുകൾ വിളിച്ചു പറയുന്നു. അതു കേട്ട് ധാർമ്മികരോഷം കൊള്ളുന്ന മാധ്യമങ്ങൾ ഒരു 'മഞ്ഞപുസ്തകത്തിന്റെ താളുകൾ' അഭിമാനത്തോടെ പൊതുസമൂഹത്തിൽ എത്തിക്കും. ധാർമ്മികതയുടെയും ബുദ്ധിജീവിയുടെയും പരിവേഷത്തിൽ അടിഞ്ഞുകൂടിയ മനുഷ്യന്റെ ഒളിഞ്ഞുനോട്ടവാസനകളെ മുഴുവൻ പെണ്ണിന്റെ ശരീരത്തിന്റെ ആസക്തിയിൽ ഇന്ന് നമ്മുടെ മാധ്യമങ്ങൾ പുറത്തുവിടുന്നു.

പെണ്ണും അവളുടെ ശാരീരികവടിവുകളും നിഗൂഢതകളും, രതിയും, പിന്നെ ചിതലെടുത്തുപോയ പഴയവിപ്ലവവീര്യവും കൂടി ചേർന്നാൽ നമ്മുടെ മാധ്യമനീതി പൂർണ്ണമായി. കുലീനയാ



**സ്ത്രീപീഡന കേസുകളോടുള്ള സമൂഹത്തിന്റെയും മാധ്യമങ്ങളുടെ താല്പര്യം സ്ത്രീയ്ക്ക് നീതി നടത്തിക്കിട്ടുക എന്നതല്ല മറിച്ച് ആ വിഷയം ഒരു അധരസുഖത്തിനുവേണ്ടി ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുക എന്നതാണ്. ഒരു ലൈംഗികതൊഴിലാളിയുടെ ആത്മകഥ വിറ്റഴിയുംപോലെ, സ്ത്രീപീഡനകഥകളും നമ്മുടെ നാട്ടിൽ വിറ്റഴിയുന്നത് സ്ത്രീകൾക്ക് ലഭിക്കേണ്ട നീയിതെയക്കുറിച്ചുള്ള സമൂഹത്തിന്റെയോ മാധ്യമങ്ങളുടെയോ ഉത്കണ്ഠയല്ല മറിച്ച് അവൾ ഒരു ശരീരം മാത്രമാണെന്ന് വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തുകയാണ്**

യ ക്ലാസിക്കൽ രവിവർമ്മ സ്ത്രീയും സെക്സിയായ അടിപൊളി മോഡേൺ സ്ത്രീയും പുരുഷന് ഒരുപോലെ പ്രീതികരമാണ്. ഇതു മാറി മാറി കാണിച്ചുകൊണ്ടിരിക്കലാണ് ഇന്നത്തെ മാധ്യമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. സൂര്യനെല്ലി, ഐസ്ക്രീംപാർലർ... ഇങ്ങനെ പറവൂർവരെ നിരവധി പീഡന കേസുകൾ. ഇവിടെയെല്ലാം സ്ത്രീനീതിക്കുവേണ്ടി വാദിക്കുന്നവർ ഉപയോഗിക്കുന്ന പദം സ്ത്രീപീഡനമാണ്. ഇത്രയും കാലം ചർച്ച ചെയ്തിട്ട് ഏതെങ്കിലും പെൺകുട്ടി രക്ഷപ്പെട്ടോ? ചോദ്യം അപ്രസക്തം. മൂന്നുവയസ്സുകാരിയും തൊണ്ണൂറുവയസ്സുകാരിയും പീഡനത്തിനിരയായി മരിക്കും. പണ്ട് ബാലൻ കെ. നായരും ജോസ്പ്രകാശുമൊക്കെ സിനിമയിൽ വരുമ്പോൾ പെൺകുട്ടികൾ പേടിച്ചിരുന്നു. കാരണം അവർ ഒരു സിനിമ തീരുമ്പോഴേക്കും ഒരു പെൺകുട്ടിയെ ബലാൽസംഗം ചെയ്തിരിക്കും. അതുകൊണ്ട് അവരെ നടന്മാരെന്നല്ല ദുഷ്ടന്മാരാണെന്നാണ് ഞങ്ങൾ കരുതിയിരുന്നത്. ബലാൽസംഗം എന്ന വാക്കിന് ബലാൽക്കാരമായി ആക്രമിക്കപ്പെടുക എന്നൊരു തോന്നലുണ്ടായിരുന്നു. സ്ത്രീപീഡനം എന്ന വാക്കുകേൾക്കുമ്പൾ തന്നെ ഒരു പരിഹാസച്ചിരിയിലേയ്ക്ക് വഴിമാറി. അവൾ പീഡിപ്പിക്കപ്പെട്ടവളാണ് എന്നുപറഞ്ഞാൽ പീഡനം ഏറ്റുവാങ്ങിയവളോടുള്ള സഹതാപമല്ല മറിച്ച് വാദി തന്നെ പ്രതിയാകുന്ന ഒരുതരം ജാലവിദ്യയാണ് ആ പദത്തിന്.

സ്ത്രീപീഡനക്കേസ് ഒരു നാറ്റക്കേസാണിന്നും. അതിനോടുള്ള സമൂഹത്തിന്റെയും മാധ്യമങ്ങളുടെ താല്പര്യം സ്ത്രീയ്ക്ക് നീതി നടത്തിക്കിട്ടുക എന്നതല്ല മറിച്ച് ആ വിഷയം ഒരു അധരസുഖത്തിനുവേണ്ടി ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുക എന്നതാണ്. ഒരു ലൈംഗികതൊഴിലാളിയുടെ ആത്മകഥ വിറ്റഴിയുംപോലെ, സ്ത്രീപീഡനകഥകളും നമ്മുടെ നാട്ടിൽ വിറ്റഴിയുന്നത് സ്ത്രീകൾക്ക് ലഭിക്കേണ്ട നീയിതെയക്കുറിച്ചുള്ള സമൂഹത്തിന്റെയോ മാധ്യമങ്ങളുടെയോ ഉത്കണ്ഠയല്ല മറിച്ച് അവൾ ഒരു ശരീരം മാത്രമാണെന്ന് വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തുകയാണ്.



**പുരുഷന്റെ സമാധാനപൂർണ്ണമായ ജീവിതത്തിന് ഏറ്റവും ഒഴിവാക്കാനാവാത്ത ഒന്നാണ് സ്ത്രീനീതി . അതാണ് മനുഷ്യവംശത്തിൽ സ്ത്രീയ്ക്കു ലഭിക്കേണ്ട നീതി. അങ്ങനെ വരുമ്പോൾ ഇന്നത്തെ രീതിയിൽ തുടരാൻ നമ്മുടെ മാധ്യമങ്ങൾക്ക് വിഷയദാരിദ്ര്യം അക്ഷരാർത്ഥത്തിൽ അനുഭവപ്പെടും. സമൂഹത്തെ ഇക്കിളിപ്പെടുത്തി സുഖിപ്പിക്കാൻ അവർ മറ്റെന്ത് ഉപയോഗിക്കും? ഏറ്റവും ചുരുങ്ങിയപക്ഷം 'പീഡനം' എന്ന വാക്കെങ്കിലും മാധ്യമങ്ങളിൽ നിന്നും ഒഴിവാക്കിയാൽ സ്ത്രീകൾക്ക് അത്രയെങ്കിലും നീതിലഭിക്കും**

ഒരു സ്ത്രീ എന്തെഴുതണം എന്നുപോലും മാധ്യമങ്ങൾ നിശ്ചയിച്ചുറപ്പിച്ചിട്ടുണ്ട്. ഒരു എഴുത്തുകാരി പൊതുശ്രദ്ധയിൽ എത്തിപ്പെടണമെങ്കിൽ അവൾ ഒന്നുകിൽ തനിയ്ക്ക് ഏറ്റ പീഡനത്തെക്കുറിച്ചെഴുതണം അല്ലെങ്കിൽ അതിനിഗൂഢമായ ശാരീരികരതിയെക്കുറിച്ചെഴുതണം. രതിനിർവ്വേദം എന്ന സിനിമ വീണ്ടും അവതരിപ്പിച്ചപ്പോഴുള്ള പരാതി പോണോഗ്രാഫി സൈറ്റുകൾ സമൃദ്ധമായുള്ള ഇക്കാലത്ത് അങ്ങനെയൊരു സിനിമ എന്തിനാണ് എന്നല്ല; മറിച്ച് അതിലെ നടിക്ക് ജയഭാരതിയോളം സെക്സ് അനുഭവിപ്പിക്കാൻ കഴിഞ്ഞില്ല എന്നാണ്. മാധ്യമങ്ങൾ ഇന്ന് വളരെ ഗൗരവപൂർവ്വം എന്നു തോന്നിപ്പിക്കുംവിധം അവതരിപ്പിക്കുന്ന സ്ത്രീനീതിയുടെ യഥാർത്ഥമായ അവസ്ഥ ഇങ്ങനെയാണ്. അതെല്ലാം വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത്. സ്ത്രീ ഒരു ശരീരം മാത്രമാണ്, പുരുഷന് ഉപയോഗിക്കാനുള്ളതാണ്. ഈ ലോകം പുരുഷന്റേതാണ് എന്നുതന്നെയാണ്.

പുരുഷന്റെ ആസക്തിയുടെ കാഴ്ചകൊണ്ടല്ലാതെ സ്ത്രീയെ അവളായിക്കാണാൻ കഴിയുന്ന, സ്ത്രീയ്ക്കുകൂടി ഇടമുള്ള ഒരു മാധ്യമനീതി ഇനിയും നമ്മൾ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. അവിടെ അടിസ്ഥാനപ്രമാണമാകേണ്ടത് സ്ത്രീയും പുരുഷനെപോലെ ആത്മാവും ശരീരവും ഉൾച്ചേർന്ന ഒരു വ്യക്തിയാണ് എന്നാണ്. സ്ത്രീയ്ക്ക് നീതി നിഷേധിക്കപ്പെടുമ്പോൾ അവളുടെ ശരീരത്തിനു മാത്രമല്ല ആത്മാവിനും ക്ഷതമേൽക്കുന്നു എന്ന് പുരുഷനിർമ്മിത സമൂഹത്തിന് ബോധ്യപ്പെടണം. അങ്ങനെ ആത്മാവിനു ക്ഷതമേറ്റ സ്ത്രീ സമൂഹത്തിനു മുഴുവൻ ഉണങ്ങാത്ത വ്രണമായി നിരന്തരം അതിനെ അലട്ടിക്കൊണ്ടിരിക്കുമെന്നും കൂടി അവൻ അറിഞ്ഞിരിക്കേണ്ടതുണ്ട്.

പുരുഷന്റെ സമാധാനപൂർണ്ണമായ ജീവിതത്തിന് ഏറ്റവും ഒഴിവാക്കാനാവാത്ത ഒന്നാണ് സ്ത്രീനീതി - സ്ത്രീയെ പുരുഷൻ തന്നെപോലെ തന്നെ പരിഗണിക്കുക എന്നത്. അതാണ് മനുഷ്യവംശത്തിൽ സ്ത്രീയ്ക്കു ലഭിക്കേണ്ട നീതി. അങ്ങനെ വരുമ്പോൾ ഇന്നത്തെ രീതിയിൽ തുടരാൻ നമ്മുടെ മാധ്യമങ്ങൾക്ക് വിഷയദാരിദ്ര്യം അക്ഷരാർത്ഥത്തിൽ അനുഭവപ്പെടും. സമൂഹത്തെ ഇക്കിളിപ്പെടുത്തി സുഖിപ്പിക്കാൻ അവർ മറ്റെന്ത് ഉപയോഗിക്കും? ഏറ്റവും ചുരുങ്ങിയപക്ഷം

‘പീഡനം’ എന്ന വാക്കെങ്കിലും മാധ്യമങ്ങളിൽ നിന്നും ഒഴിവാക്കിയാൽ സ്ത്രീകൾക്ക് അത്രയെങ്കിലും നീതിലഭിക്കും. സ്ത്രീയ്ക്കുനേരെ നടക്കുന്ന ഏത് ആക്രമണവും പുരുഷനെതിരെ നടക്കുന്ന ആക്രമണമെന്നപോലെ സിവിൽകേസായി പരിഗണിച്ചെങ്കിലും ബഹുമാനപ്പെട്ട കോടതി സ്ത്രീകളോടു നീതി കാണിക്കണം. മാധ്യമങ്ങളും. ബ്യൂട്ടിപാർലറിൽ നിന്നു ഇറങ്ങി വരുന്ന ഫെമിനിസ്റ്റിനെ കാണുമ്പോൾ ഓക്കാനം വരികയും ബാറിൽ നിന്ന് ഇറങ്ങിവരുന്ന (പുരുഷനായ) ബുദ്ധിജീവിയെ കാണുമ്പോൾ അത്ഭുതാദരവോടെ നോക്കിനില്ക്കുകയും ചെയ്യുന്നവരാണ് ഇന്നും നമ്മുടെ സാംസ്കാരിക പ്രവർത്തകരും ബുദ്ധിജീവികളും ഈ വിവേചനം തന്നെയാണ് ആത്യന്തികമായി സ്ത്രീയോടു കാണിക്കുന്ന അനീതി.

സ്ത്രീയോടുമാത്രമല്ല മാധ്യമങ്ങൾ ഈ അനീതി കാണിക്കുന്നത്. അധികാരത്തിനുപുറത്തുള്ള എല്ലാ നിസ്സഹായരോടുമാണ്. എന്റോസൾഫാൻ ദുരന്തത്തെ എത്ര വിദഗ്ദ്ധമായാണ് നമ്മുടെ മാധ്യമങ്ങൾ കാശാക്കി മാറ്റിയത്. ഇപ്പോഴും അത് തീർന്നിട്ടില്ല. നിസ്സഹായരായിപ്പോയ മനുഷ്യജീവികളെക്കാണിച്ച് കാശുണ്ടാക്കുക. പ്രശ്നത്തിന്റെ ഭീകരത അവർക്ക് മനുഷ്യശിശുക്കളുടെ വിരൂപമായ ഫോട്ടോ പ്രദർശനങ്ങളിലായിരുന്നു. ഒരിക്കലും കാണരുതേ എന്നാഗ്രഹിച്ച കാഴ്ചകൾ നിരന്തരം എന്റെ മേശപ്പുറത്ത് അലങ്കരിച്ച ഭക്ഷണപദാർത്ഥങ്ങൾപോലെ എന്റെ തീൻമേശയിൽ കെട്ടിടുന്നു ആഴ്ചതോറും ഇവർ. പണ്ട് മലയാറ്റൂരും പാവറട്ടിയിലും പെരുന്നാളിനുപോകുമ്പോൾ അപ്പൻ ഒരു ചെറി കിഴിനിറയെ ചില്ലറ പൈസകൾ തരും. പള്ളി പരസരത്തൊന്നും ആ ദിസവം വാഹനം എത്താത്തിനാൽ ജനതിരക്കിലൂടെ നടക്കണം. അപ്പോൾ കാണാം വഴിയുടെ ഇരുഭാഗത്തും നിരനിരയായി കിടന്നു നിലവിളിക്കുന്ന മനുഷ്യരൂപങ്ങൾ കയ്യില്ലാത്തവർ, കാലില്ലാത്തവർ, കണ്ണില്ലാത്തവർ, ശരീരം മുഴുവൻ വ്രണമുള്ളവർ, നെഞ്ചുകൊണ്ട് ഇഴഞ്ഞുനടക്കുന്നവർ, ഇവരുടെ നിലവിളികൾ കേൾക്കുമ്പോൾ സങ്കടം സഹിക്കാനാവില്ല. പൈസ ഇട്ടുകൊടുക്കണമെന്നുണ്ട്. എന്നാൽ അവരെ കണ്ടാൽ ആ ആ കാഴ്ചയുടെ ദു:ഖം പിന്നീടൊരുകാലത്തും മനസ്സിൽ നിന്നും മായില്ല എന്നതും എന്റെ സങ്കടമാണ്. അതുകൊണ്ട് പിന്നെ പിന്നെ പെരുന്നാൾ ദിവസങ്ങളിൽ ഞാൻ അവിടെ പോകാതെയായി. എന്നിട്ടും എന്തു മെച്ചം. പുറംചട്ടയിൽ എന്റോസൾഫാൻ ഇരയായി കണ്ണുതുറക്കാൻ കഴിയാതെ തീപ്പൊള്ളലേറ്റപോലെയുള്ള മുഖത്തോടെ ജനിച്ചുവീണ കുഞ്ഞിന്റെ ക്ലോസ് ഷോട്ട്. ബാക്ക് കവറിൽ ഞാൻ തുറന്നെഴുതുന്നു എന്ന ക്യാപ്ഷനോടെ ഷക്കീലയുടെ അഭിനിവേശം ത്രസിക്കുന്ന മുഖചിത്രം. എവിടെയാണ് നമ്മുടെ മാധ്യമങ്ങളുടെ നീതി? നീതി അഗ്നിയാണെന്നല്ല. ഏതു മാലിന്യത്തിൽ നിന്നും ശവശരീരം കൊത്തിയെടുക്കുന്ന കഴുകന്റെ കണ്ണാണ് ഇന്ന് നമ്മുടെ മാധ്യമങ്ങൾക്ക്.